**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2377**

**18/12/12-ലെ മറുപടിയ്ക്ക്**

**പലിശ രഹിത വായ്പ നൽകാൻ നടപടി**

| ചോദ്യം<br>ശ്രീ. എം.വി.ശ്രേയാംസ്കുമാർ | | മറുപടി<br>ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|---|
| എ | കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശയിളവ് നൽകുന്നുണ്ടോ? വിശദമാക്കമോ? | കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ ഇളവ് നൽകുന്നതിനായി പദ്ധതി നിലവിലുണ്ട്. സംസ്ഥാന സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ തിരിച്ചടയ്ക്കുന്നവർക്ക് കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡിയും നൽകി വരുന്നു. അത്തരം വായ്പകളിന്മേൽ സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച പലിശ സബ്സിഡി നൽകുന്നതിന് ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്ത് തുടങ്ങുന്നതാണ്. |
| ബി | എങ്കിൽ എത്ര ശതമാനം പലിശയിളവ് നൽകുന്നുണ്ടെന്ന് വ്യക്തമാക്കമോ? | നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സഹകരണ ബാങ്കുകൾ വഴി കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ ഇളവും ( പരമാവധി 4%) കേന്ദ്ര സർക്കാരിന്റെ പലിശ സബ്സിഡിയും |

| | | |
|---|---|---|
| | | (Interest subvention) നൽകുന്നതാണ്. |
| സി | കൃഷിയെ മാത്രം ആശ്രയിച്ച് കഴിയുന്ന വയനാട്ടിലെ കർഷകർക്ക് പലിശ രഹിത കാർഷിക വായ്പ അനുവദിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ഉത്തേജന ( സ്റ്റിമുലസ്സ്) പാക്കേജ് പ്രകാരം വയനാട് ജില്ല ഉൾപ്പെടെ സംസ്ഥാനത്തൊട്ടാകെ പലിശ രഹിത കാർഷിക വായ്പ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിന് സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണ്. |

(signature)

**സെക്ഷൻ ഓഫീസർ**